**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ. ബി.) വകുപ്പ്**

സ.ഉ. (സാധാ) നം.115/2025/തസ്വഭവ. തിരുവനന്തപുരം, തീയതി, 06.07.2025.

---

പരാമർശം:-1. ഗ്രാമ വികസന കമ്മീഷണറുടെ 11/07/2018-ലെ ഡിപി2/8289/18/സി.ആർ.ഡി നമ്പർ കത്ത്

2.. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 2/12/21-ൽ ചേർന്ന യോഗ തീരുമാനം.

3. 19/3/25,28/04/2025 തീയതികളിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD-PD/4816/2024- REV5 നമ്പർ കത്തുകൾ

4. 9/06/2025- ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD-PD/4816/2024-REV5 നമ്പർ സർക്കാർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ കേന്ദ്രം (Food Processing and Nutrition centre)), ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അതിന്റെ ഘടക സ്ഥാപനമായി ഏറ്റെടുക്കാൻ തയ്യാറാണെന്നും ഈ വിഷയത്തിൽ ബ്ലോക്ക് കമ്മിറ്റി തീരുമാനവും, FPNC-യുടെ 2014-15 വർഷത്തെ ആസ്തി ബാധ്യതാ വിവരപ്പട്ടിക, അനുവദനീയ തസ്തികകളുടെ വിവരം എന്നിവയും ലഭ്യമാക്കി ആയതിന് സർക്കാർ അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

(2) ആയതിന്റെ അടിസ്ഥാനത്തിൽ ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാരകേന്ദ്രം ബാലുശ്ശേരി ബ്ളോക്ക് പഞ്ചായത്തിന് കൈമാറാൻ പരാമർശം (2) പ്രകാരം, 2/12/2021- ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായിരുന്നു.2/12/2021-ലെ തീരുമാനം നടപ്പിലാക്കുന്നതിലേയ്ക്കായി ഭക്ഷ്യ സംസ്കരണ പോഷകാഹാരകേന്ദ്രത്തിൽ നിന്ന് ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്ന ജീവനക്കാരെ വിന്യസിക്കുന്ന വിഷയം സംബന്ധിച്ച് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടുകൾ അനുസരിച്ച്, പ്രസ്തുത സ്ഥാപനത്തിൽ അനുവദിച്ചിട്ടുള്ള സ്ഥിരം തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തികയുടെ പേര് | അംഗീകൃത തസ്തിക | നിലവിലുള്ള ജീവനക്കാരുടെ എണ്ണം | നിയമന രീതി |
|---|---|---|---|---|
| 1 | ഡയറക്ടർ(ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ) | 1 | 0 | പ്രമോഷൻ |
| 2 | ടെക്നിക്കൽ അസിസ്റ്റന്റ് | 2 | 1 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി(താല്കാലിക വ്യവസ്ഥയിൽ ആറ് മാസത്തേക്ക് നിയമിക്കുകയും പിന്നീട് 6.11.2003 ലെ ഉത്തരവ് നം 21505/ഐ&ഡി4/2003/സിആർഡി പ്രകാരം പുനഃനിയമനം നൽകുകയും ചെയ്തിട്ടുള്ളതാണ്. |
| 3 | ക്ലാർക്ക് കം ടൈപ്പിസ്റ്റ് | 1 | 1 | പി.എസ്.സി(കോഴിക്കോട് ജില്ല) |
| 4 | ലാബ് അറ്റന്റന്റ് | 2 | 0 | എംപ്ലോയ്മെന്റ് |
| 5 | വാച്ച്മാൻ/ഓ.എ | 2 | 2 | പി.എസ്.സി(കോഴിക്കോട് ജില്ല) |
| 6 | ഡ്രൈവർ | 1 | 0 | പി.എസ്.സി(കോഴിക്കോട് ജില്ല) |
| 7 | പാർട്ട് ടൈം സ്വീപ്പർ | 1 | 0 | എംപ്ലോയ്മെന്റ് |

ബാലുശ്ശേരി ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രത്തിന്റെ പ്രധാന കെട്ടിടം നിലവിൽ അപകട ഭീഷണിയിലാണെന്നും എന്നാൽ ടി കേന്ദ്രം ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ലാത്തതിനാൽ കെട്ടിടം പൊളിക്കിപ്പണിയുവാൻ സാധിച്ചിട്ടില്ലെന്നും കൂടാതെ സ്ഥാപനത്തിന്റെ പേരിൽ നിലവിൽ ബാദ്ധ്യതകൾ ഇല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. നിലവിൽ താൽക്കാലിക അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ഈ സ്ഥാപനത്തിൽ ജീവനക്കാർ പ്രവർത്തിയെടുത്തുവരുന്നില്ലെന്നും ടെക്നിക്കൽ തസ്തികകളിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക-1, ലാബ് അറ്റന്റന്റ്-2, പാർട്ട് ടൈം സ്വീപ്പർ-1 ഒഴികെ മറ്റുള്ള തസ്തികകളുടെ സ്വഭാവം അനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിലെ മറ്റ് ഓഫീസുകളിലേക്ക് പുനർവിന്യസിപ്പിക്കാവുന്നതാണെന്നും ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന് കൈമാറുമ്പോൾ അതിന്റെ മേധാവിയായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണെന്നും ഡയറക്ടർ തസ്തികയുടെ കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം

ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ കേന്ദ്രം ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറി ഉത്തരവാകുന്നു.

i) സ്ഥാപനത്തിന്റെ ആസ്തികളുടെ വിശദവും വ്യക്തവുമായ വിവരങ്ങൾ പ്രിൻസിപ്പൽ ഡയറക്ടറോ അല്ലെങ്കിൽ പ്രിൻസിപ്പൽ ഡയറക്ടർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ബ്ലോക്ക് പഞ്ചായത്തിന് രേഖാമൂലം കൈമാറേണ്ടതാണ്.

ii) നിലവിൽ ജീവനക്കാർ പ്രവർത്തിച്ചുവരുന്ന തസ്തികകളായ ടെക്നിക്കൽ അസിസ്റ്റന്റ് -1, ക്ളാർക്ക് കം ടൈപ്പിസ്റ്റ്-1, വാച്ച് മാൻ -2 എന്നിവ സമാനതസ്തികയിൽ വകുപ്പിന്റെ (മുൻ ഗ്രാമവികസന വകുപ്പിലെ) നിലവിലെ ഒഴിവുകളിലേക്കും അതല്ലാത്തവ ബ്ലോക്ക് പഞ്ചായത്തിലേക്ക് തസ്തിക സഹിതം നിലവിലുള്ള ജീവനക്കാരന്റെ സേവന കാലം തീരുന്നത് വരെയും പുനർവിന്യസിക്കേണ്ടതാണ്. ഇവ ഒഴികെയുള്ള തസ്തികകൾ വാനിഷിംഗ് ആയി നിശ്ചയിക്കുന്നതിനു വിഷയം പരിശോധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

iii) ഭക്ഷ്യ സംസ്കരണ കേന്ദ്രം നടത്തിപ്പിന് ആവശ്യമായ ബൈലാ/ നടത്തിപ്പ് മാർഗ്ഗ രേഖ ബ്ലോക്ക് പഞ്ചായത്ത് നിയമാനുസൃതം തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രിൻസിപ്പൽ ഡയറക്ടർ 10 ദിവസത്തിനകം, ബൈലായുടെ/മാർഗ്ഗ രേഖയുടെ കരട് നിർദ്ദേശങ്ങൾ തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടതും തുടർ നടപടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം തുടർന്നും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അനുപമ ടി വി ഐ.എ.എസ്**

**സ്പെഷ്യൽ സെക്രട്ടറി**

To

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി എസ് എസ് എ) / (ഇ & ആർ എസ് എ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം
സെക്രട്ടറി, ബാലുശ്ശേരി ബ്ളോക്ക് പഞ്ചായത്ത്
ഇൻഫർമേഷൻ &പബ്ളിക് റിലേഷൻസ് (വെബ്&ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് - ബഹു. തദ്ദേശസ്വയം ഭരണ എക്സൈസ് പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്